2025-2026

# എം. റ്റി. എൽ. പി സ്കൂൾ വേങ്ങൂർ

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

# ആമുഖം

മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെരിങ്ങര പഞ്ചായത്തി-ലെ ഏക സ്കൂളാണ് എം.റ്റി.എൽ.പി സ്കൂൾ വേങ്ങൽ. കാവുംഭാഗം – ചങ്ങനാശ്ശേരി റോഡിൽ റോഡിന്റെ കിഴക്കു വശത്തായി സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇവിടെ പ്രഥമ അധ്യാപിക ഉൾപ്പടെ അധ്യാപകർ പ്രവർത്തിക്കുന്നു. ( അധ്യാപകർ D/ശ)

ജനങ്ങളുടെ ഇടയിൽ സത്യസുവിശേഷ വെളിച്ചം പ്രകാശിക്കുക എന്നുള്ളതായിരുന്നു ഈ സ്കൂൾ സ്ഥാപനത്തിനുള്ള പ്രധാന കാരണം. എബ്രഹാം മല്പാന്റെ നവീകരണ പ്രസ്ഥാനവും അതിനെ തുടർന്നുണ്ടായ ഉണർവ്വും വിശുദ്ധ വേദ പുസ്തകത്തിന്റെ പ്രസിദ്ധീകരണവും പ്രചരണവും എല്ലാം മാർത്തോമ്മാ സഭയിൽ ആത്മീകമായി വലിയ പരിവർത്തനം ഉണ്ടാക്കി. തങ്ങളുടെ കുഞ്ഞുങ്ങളെ തിരുവചനം പഠിപ്പി-ക്കുന്നതിന് ജനങ്ങൾ ആഗ്രഹിച്ചു. ജനങ്ങളുടെ ഈ അഭിലാഷം സഫലീകരിക്കുന്നതിനു വേണ്ടി വേങ്ങൽ മാർത്തോമ്മാ സഭ വകയായി അന്നത്തെ

ജന്മികളായ മണ്ണൂർ നായന്മാരിൽ നിന്നും പത്തു സെന്റു സ്ഥലം വാങ്ങി. അവിടെ ഒരു ചെറിയ കെട്ടിടം ചമച്ച് സൺഡേ സ്കൂൾ പഠനം ആരംഭിച്ചു. മലയാള വർഷം 1070-ാം ആണ് ഈ സ്കൂൾ വേങ്ങൽ എം റ്റി എൽ പി സ്കൂൾ എന്ന പേരിൽ എം റ്റി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ ഉള്ള ഒരു സ്കൂളായി അംഗീകരിക്കപ്പെട്ടു.

## നേട്ടങ്ങൾ

കഴിഞ്ഞ വർഷങ്ങളിൽ കലാ കായിക മത്സരങ്ങളിൽ ഈ സ്കൂളിലെ കുട്ടികൾ മികവു പുലർത്തുകയുണ്ടായി. ആംഗ്യപാട്ട്, ചിത്രരചന, കഥാകഥനം ഈ ഇനങ്ങളിൽ മികച്ച ഗ്രേഡുകൾ നേടുകയുണ്ടായി. പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സംഘടിപ്പിച്ച ഹരിത വിദ്യാലയങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രബന്ധാവതരണത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

കൂടാതെ മർത്തോമാ സഭയുടെ കീഴിൽ സംഘടിപ്പിച്ച കായിക മത്സരത്തിൽ സ്റ്റാൻഡിംഗ് ബ്രോഡ് ജമ്പിൽ 3ാം സ്ഥാനം ശിവ എ. എസ് (2ാം ക്ലാസ്) നേടുകയുണ്ടായി.

## അക്കാദമികം

പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. സാമ്പത്തികമായും ഭൗതികമായും വളരെ പിന്നോക്കം നിൽക്കുന്നവരാണ് മാതാപിതാക്കൾ. കുടുംബ പശ്ചാത്തലം കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു

## പൊതു ലക്ഷ്യങ്ങൾ

→ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ലഭിച്ചെന്ന് ഉറപ്പു വരുത്തുകയും ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയാറാക്കി അച്ചടിച്ച് രക്ഷകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കുന്നു.

→ കുട്ടികളുടെ സർഗപരവും അക്കാദമിക കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ കഴിവ് നേടിയെടുക്കുക.

→ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.

→ എല്ലാ കുട്ടികൾക്കും ആവശ്യമായ കാര്യപ്രാപ്തിയും പഠനശേഷിയും വികസിപ്പിക്കുവാൻ വേണ്ട പഠനശേഷി ഉറപ്പു വരുത്തുക.

## ഭാഷ

**ലക്ഷ്യ പ്രസ്താവന**

ഭാഷയിലെ എല്ലാ വ്യവഹാര രൂപങ്ങളിലും എല്ലാ കുട്ടികളുടെയും വിനിമയ ശേഷി വർദ്ധിപ്പിക്കുന്നു.
പ്രത്യേക താത്പര്യമുള്ള മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുകയും പ്രതിഭകളെ സൃഷ്ടിക്കുകയും ചെയ്യുക.

| പേര് / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഉണർവ്വ്**<br>ലക്ഷ്യം – കുട്ടികൾക്ക് എഴുത്തിലും വായനയിലും പ്രാവീണ്യം നേടുക. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് അക്ഷരങ്ങൾ ചേരുന്ന പദങ്ങൾ കണ്ടെത്തുന്നതിന് വായനാക്കാർഡ്, പത്രം, ബാലമാസികകൾ, പദക്കാർഡുകൾ ഇവ നൽകുന്നു. ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനും ഇതേ പ്രവർത്തനം നൽകുന്നു. | ജൂൺ – ജൂലൈ – ആഗസ്റ്റ് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കൈ കോർക്കാം | ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ ചിത്രവരയ്ക്കാം നിറം നൽകാം ചിത്രരചന | ഹ്രസ്വകാലം | അധ്യാപകർ പി.ടി.എ | |
| ഓർക്കാം<br>സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം, ക്വിസ്, പതിപ്പ് നിർമ്മാണം | ദീർഘകാലം ജൂൺ - മാർച്ച് | അധ്യാപകർ | |
| സർഗ്ഗവേള<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | ഹ്രസ്വകാലം | | |

| | | | | |
|---|---|---|---|---|
| ഡോക്യുമെന്ററി ഐ.സി.ടി | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ. | ദീർഘം ജൂൺ - മാർച്ച് | അധ്യാപകർ | |
| അമ്മവായന | ലൈബ്രറി പുസ്തകങ്ങൾ നൽകി വായിക്കൽ | ഹ്രസ്വകാലം വായനാദിനം ജൂൺ 19 - ജൂലൈ | പി.ടി.എ | |
| രുചിക്കൂട്ട് നമ്മുടെ നാടിന്റെ തനത് ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചകക്കുറിപ്പിന്റെ പതിപ്പുകൾ | ഹ്രസ്വകാലം ഒക്ടോബർ - നവംബർ | അധ്യാപകർ, പിടിഎ | |

# ഗണിതം

## ലക്ഷ്യപ്രസ്താവന

→ അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
→ ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
→ ഓരോ പ്രദേശത്തിന്റെയും തനതു ഗണിത പ്രശ്നങ്ങൾ പരിഹരിക്കുക.

| പേര് / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യയെ അറിയാൻ | സംഖ്യാബോധം വളർത്തുന്നതിന്<br>നിർദ്ദിഷ്ട സംഖ്യ എഴുതൽ<br>സംഖ്യാകാർഡുകൾ നൽകൽ<br>മുൻപ്, പിൻപ്<br>ആരോഹണം, അവരോഹണം<br>വലുത്, ചെറുത്। വിട്ടുപോയ<br>സംഖ്യകൾ എഴുതൽ, കൂട്ടങ്ങൾ<br>ആക്കൽ എന്നീ പ്രവർത്തനങ്ങൾ<br>ചെയ്യുന്നു. പാഠഭാഗവുമായി<br>ബന്ധപ്പെട്ടും പ്രവർത്തനങ്ങൾ | ദീർഘം<br>ജൂൺ - മാർച്ച് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ദീർഘകാലം ജൂൺ - മാർച്ച് | അധ്യാപകർ | |
| ഗണിതകളികൾ കളികളിലൂടെ ഗണിതപഠനം രസകരമാക്കൽ | പ്രശ്നോത്തരി, പസിലുകൾ, പാറ്റേൺ നിർമാണം, ഗണിത കളികൾ (ഏണിയും പാമ്പും ഡൈസ് കളി) | ദീർഘകാലം ജൂൺ - മാർച്ച് | അധ്യാപകർ | |
| നിർമിക്കാം രസിക്കാം | പഠനോപകരണ നിർമാണം ജ്യാമിതീയ രൂപങ്ങൾ നിർമിക്കുക, വരയ്ക്കുക അളവുകൾ (scale ....) കലണ്ടർ, സ്ഥാനവില പോക്കറ്റ്, ക്ലോക്ക് | മധ്യകാലം | അധ്യാപകർ പി.ടി.എ | |

| | | | | |
|---|---|---|---|---|
| | ചെയ്യുന്നു. പാറ്റേൺ കണ്ടെത്തുന്നു. | | | |
| ഒറിഗാമി ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | മധ്യകാലം | അധ്യാപകർ | |
| അബാക്കസ് | സ്ഥാനവില മനസിലാക്കുന്നതിന് അബാക്കസ്, സംഖ്യാപോക്കറ്റ് ഇവ പ്രയോജനപ്പെടുത്തുന്നു. | ദീർഘകാലം ജൂൺ - മാർച്ച് | അധ്യാപകർ | |
| കണക്കിനെ അറിയാം | ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം മനക്കണക്ക്, ഗണിതവുമായി ബന്ധപ്പെട്ട കടങ്കഥകൾ | | | |

| | | | | |
|---|---|---|---|---|
| എണ്ണാം നിറം നൽകാം | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം<br>→ വസ്തുക്കൾ എണ്ണിയെടുക്കൽ<br>→ എണ്ണത്തിനനുസരിച്ച് ചിത്രം വരക്കൽ<br>→ രൂപങ്ങൾ വരയ്ക്കൽ<br>→ പഠനശേഷി ക്രമമായി വളർത്തിയെടുക്കുക. | | | |

# ശാസ്ത്രം

## ലക്ഷ്യ പ്രസ്താവന

ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം ഇവ വികസിപ്പിക്കുക.

പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക.

| പേര്/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അറിയാം | പ്രകൃതി നിരീക്ഷണം/പ്രകൃതി നടത്തം. ജീവജാലങ്ങളെ നിരീക്ഷിക്കൽ രേഖപ്പെടുത്തൽ. | ദീർഘം | പി.ടി.എ അധ്യാപകർ | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ | ദീർഘം | അധ്യാപകർ | |
| വിസ്മയം | ലഘു പരീക്ഷണങ്ങളിലേർപ്പെടൽ ശാസ്ത്ര പുസ്തകങ്ങളും, ചിത്രങ്ങളും ചാർട്ടുകളും പരിചയപ്പെടുത്തുക. | ദീർഘം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| നടാം പരിപാലിക്കാം | ഔഷധത്തോട്ട നിർമ്മാണം വിവിധ ഔഷധസസ്യങ്ങൾ ശേഖരിക്കൽ അവയെ പരിപാലിക്കൽ | ദീർഘം | പി. ടി. എ അധ്യാപകർ | |
| ശേഖരിക്കാം പഠിക്കാം | ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം, വിത്തു ശേഖരണം, ചിത്ര ശേഖരണം. | മധ്യകാലം | പി. ടി. എ അധ്യാപകർ | |

# ആരോഗ്യ കലാ കായിക പ്രവൃത്തി പരിചയം

ലക്ഷ്യപ്രസ്താവന

- → ആരോഗ്യശീലങ്ങൾ വളർത്തുന്നതിന്
- → സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.
- → നിർമാണാത്മകമായ കഴിവുകൾ ഓരോ കുട്ടിയിലും കണ്ടെത്തുക, പരിപോഷിപ്പിക്കുക.
- → പാഴ്‌വസ്തുക്കളെ ഉത്പാദനപരമായ ഉപകരണങ്ങളാക്കി മാറ്റുക.
- → കലാഭിരുചി വളർത്തുക.

| പേര് / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാട്ടുരുചി | നാടൻ ഭക്ഷ്യമേള നടത്തുന്നു. | ഹ്രസ്വം | പി.ടി.എ | |
| യോഗ ആരോഗ്യവും ചിട്ടയുമുള്ള ജീവിതരീതി വാർത്തെടുക്കാൻ | മെഡിറ്റേഷൻ, യോഗാസനങ്ങൾ പരിശീലിപ്പിക്കൽ | ദീർഘം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എയ്റോബിക്സ് | വ്യായാമശീലം വളർത്തിയെടുക്കാൻ, കുട്ടിയുടെ താളത്തിനനുസരിച്ച് ചുവട് വെയ്ക്കൽ. | ദീർഘം | അധ്യാപകർ | |
| രോഗങ്ങളെ ചെറുക്കാം, തോൽപ്പിക്കാം | മഴക്കാല രോഗങ്ങളെക്കുറിച്ചും പകർച്ച വ്യാധികളെക്കുറിച്ചും ബോധവത്കരണ ക്ലാസ് | ഹ്രസ്വം ജൂൺ | ഹെൽത്ത് സെന്റർ, അധ്യാപകർ | |
| ശീലമാക്കാം ശുചിത്വം | ശുചിത്വ കലണ്ടർ തയ്യാറാക്കുന്നു. ശുചിത്വ ശീലങ്ങളുമായി ബന്ധപ്പെട്ട കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം | പി. ടി. എ അധ്യാപകർ | |
| പാഴ്‌വസ്തുക്കൾ പ്രയോജനകരമാക്കാം | പാഴ്‌വസ്തുക്കൾ കൊണ്ട് കളിയുപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ നിർമാണം | മധ്യകാലം | പി. ടി. എ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ബാലസഭ (സർഗവേള) | ആഴ്ചയിലൊരു ദിവസം കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ദീർഘം ജൂൺ - മാർച്ച് | അധ്യാപകർ | |

## സാമൂഹ്യക്ഷേമം

ലക്ഷ്യപ്രസ്താവന

സ്കൂൾ പ്രവർത്തനത്തെ സമൂഹത്തിൽ എത്തിക്കുക.

| പേര് / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു. ദിനാചരണവുമായി ബന്ധപ്പെട്ട പതിപ്പു നിർമ്മാണം, പോസ്റ്റർ, പ്രധാനപ്പെട്ട വ്യക്തികളെ പങ്കെടുപ്പിക്കുക ക്ലാസുകൾ നയിക്കുക. | ദിവസം | പി.ടി.എ അധ്യാപകർ | അഭ്യുദയ കാംക്ഷികളുടെ സംഭാവന |
| പഠനോത്സവം | കുട്ടികളുടെ മികവു പ്രദർശനം ഓരോ ടേം അടിസ്ഥാനത്തിൽ. | ജൂൺ - മാർച്ച് | പി.ടി.എ അധ്യാപകർ | |
| വാർഷികം | വാർഡുമെമ്പർ, നാട്ടുകാർ, പി.ടി.എ, അഭ്യുദയകാംക്ഷികൾ, എൽ.എ.സി. തുടങ്ങിയവരുടെ | | | |

| | | | | |
|---|---|---|---|---|
| | സഹകരണത്തോടെ വാർഷികം ആഘോഷിക്കുന്നു. | ഹ്രസ്വം | പി. ടി. എ അധ്യാപകർ LAC | അഭ്യുദയ കാംക്ഷികൾ |
| മേളകൾ | കലാ - കായിക പ്രവൃത്തി പരിചയ സമ്പത്ത് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന്. | ദീർഘം | അധ്യാപകർ | |

## ഇംഗ്ലീഷ്

### ലക്ഷ്യപ്രസ്താവന

ഭാഷ സ്വായത്തമാക്കുന്നതിന്

| പേര്/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാണാം - കേൾക്കാം ഇംഗ്ലീഷ് ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ. | കാർട്ടൂൺ, സിനിമ പ്രദർശനം | ഹ്രസ്വകാലം | പി.ടി.എ | |
| സ്പോക്കൺ ഇംഗ്ലീഷ് | ഇംഗ്ലീഷിൽ നന്നായി സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | ദീർഘകാലം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| Progress in English Language. | ഇംഗ്ലീഷ് ഭാഷ കൈവശമാക്കാൻ<br>ഇംഗ്ലീഷ് അസംബ്ലി<br>Rhymes, Storytelling, choreography<br>Hello English പ്രവർത്തനങ്ങൾ. Description, writing and Reading.<br>Dictionary Making | ദീർഘകാലം ജൂൺ - മാർച്ച് | അദ്ധ്യാപകർ | |

# ഭൗതികം

## ലക്ഷ്യപ്രസ്താവന

ഭൗതിക സൗകര്യ വികസനത്തിനുവേണ്ടി.

| പേര് / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നവ്യം മനോഹരം | സ്കൂൾ മോടിപിടിപ്പിക്കൽ ലൈബ്രറി തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്തൽ | ദീർഘം | എസ്.എം.സി പി.ടി.എ | അഭ്യുദയ കാംക്ഷികൾ |

## ഉപസംഹാരം

കർമ്മോത്സുകരായ അധ്യാപകരും അവരിൽ വിശ്വാസമർപ്പിക്കുന്ന മാതാപിതാക്കളും കുട്ടികളും കൂട്ടായ്മയോടെ പുത്തൻ പ്രതീക്ഷയുടെ ഭാഗമായി "പരീക്ഷയിൽ ജയിക്കുക മാത്രമല്ല ജീവിതത്തിലും ജയിക്കുക" എന്നതിനു വേണ്ടി ശ്രമിച്ചു വരുന്നു. ആദർശത്തിനു വേണ്ടി ഉയരുവാനും യത്നിക്കു-വാനും അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് കഴിയുമെന്ന് പ്രത്യാശിക്കുന്നു.